# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 ഏപ്രിൽ 4, ബുധൻ

## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ :**

(1) പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങളും ഒന്നാം നമ്പർ അടിയന്തര ചോദ്യവും ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**(രാവിലെ 9.30 മുതൽ 9.35 വരെ )**

(2) 2018 മാർച്ച് 22-ാം തീയതിയിലെ 453-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന് നൽകിയ ഉത്തരം തിരുത്തിക്കൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് 2018 ഏപ്രിൽ 3 ന് നൽകിയ ഉത്തരത്തെ ആധാരമാക്കിയുള്ള ഉപ ചോദ്യങ്ങൾ.

**2. ശ്രദ്ധക്ഷണിക്കൽ :**

(1) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള കനാലുകളുടെ പുറമ്പോക്കിൽ ദീർഘകാലമായി താമസിച്ചു വരുന്നവരുടെ കൈവശഭൂമിയ്ക്ക് പട്ടയം നൽകേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ബി. ഗണേഷ് കുമാർ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാനത്തെ ഗിരിവർഗ്ഗക്കാരുടെ ക്ഷേമത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നീക്കിവച്ച ഫണ്ടുകൾ ചെലവഴിച്ചതിനെപ്പറ്റി ധവള പത്രം പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഒ. രാജഗോപാൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ :**

(1) ലിസ്റ്റ്-1 പ്രകാരം.

(2) ലിസ്റ്റ്-2 പ്രകാരം. (ചട്ടം 47 (2) അനുസരിച്ചുള്ളത്)

(3) ലിസ്റ്റ്-3 പ്രകാരം. (ചട്ടം 236 (5) അനുസരിച്ചുള്ളത്)

(4) ലിസ്റ്റ്-4 പ്രകാരം. (ചട്ടം 236 (6) അനുസരിച്ചുള്ളത്)

**4. റിപ്പോർട്ടുകളുടെ സമർപ്പണം :**

(1) വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VI ന്റെ അദ്ധ്യക്ഷനുമായ പ്രൊഫ. സി. രവീന്ദ്രനാഥ് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുകളുടെ ഉപയോഗം സംബന്ധിച്ച, കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IX ന്റെ അദ്ധ്യക്ഷനുമായ ശ്രീ.കെ.രാജു വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം സംബന്ധിച്ച, കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**5.** **റിപ്പോർട്ട് പരിഗണന** :
ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടിന്റെ പരിഗണന.

**6.** **ഗവൺമെന്റ് പ്രമേയങ്ങൾ**:

(1) സി.ബി.എസ്.ഇ. ചോദ്യപേപ്പർ ചോർന്ന സംഭവത്തിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഫലപ്രദമായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അവതരിപ്പിക്കുന്നതാണ്.

(പ്രമേയത്തിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്)

(2) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ദോഷകരമായ രീതിയിൽ 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ആക്ടിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്ന 20.03.2018 ലെ സുപ്രീം കോടതി വിധിയുടെ അനന്തരഫലങ്ങൾ മറികടക്കാൻ നിയമപരമായ എല്ലാ സാധ്യതകളും കേന്ദ്ര സർക്കാർ തേടണമെന്ന ആവശ്യം സംബന്ധിച്ച പ്രമേയം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ.എ.കെ.ബാലൻ അവതരിപ്പിക്കുന്നതാണ്.

(പ്രമേയത്തിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്)

**7.** **നിയമനിർമ്മാണകാര്യം** :
സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :

(i) 2018–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2018–ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2018 ഏപ്രിൽ 3.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Tenth Session

*Wednesday, April 4, 2018*

## LIST OF BUSINESS

**I. Questions:**

(1) Questions entered in the separate list and Short Notice Question No.1 to be asked and answered.

**(9.30 a.m. to 9.35 a.m.)**

(2) Supplementary Questions on the corrected answer given by Dr. T. M. Thomas Isaac, Minister for Finance and Coir on April 3, 2018 to the Starred Question No. 453 of 22.03.2018.

**II. Calling Attention:**

(1) Shri. K. B. Ganesh Kumar to call the attention of the Minister for Water Resources to the necessity to issue title deed for land in possession of people living in puramboke of Canals under the control of Water Resources Department.

(2) Shri. O. Rajagopal to call the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs to the necessity to publish a White Paper on the expenditure of Central and State Government Funds earmarked for the welfare of Tribals in the State.

**III. Papers to be Laid:**

(1) As per List-1

(2) As per List-2 (Under Rule 47(2))

(3) As per List-3 (Under Rule 236 (5))

(4) As per List-4 (Under Rule 236 (6))

**IV. Presentation of Reports:**

(1) Prof. C. Raveendranath, Minister for Education and Chairman, Subject Committee-VI to present the Report of the Committee on narcotic substance abuse among school students.

(2) Shri. K. Raju, Minister for Forest, Animal Husbandry and Zoo and Chairman, Subject Committee-X to present the Report of the Committee on strengthening of Forest Conservation Committees and Eco Development Committees.

**V. Consideration of Report:**

Consideration of the Second Report of Rules Committee.

**VI. Government Resolutions:**

(1) Shri. Pinarayi Vijayan, Chief Minister to move the Resolution urging the Central Government to properly punish those responsible for C.B.S.E. question paper leakage incident and to take effective measures to avoid reccurrence of such incidents.

(Copy of the Resolution separately circulated)

(2) Shri. A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs to move the Resolution urging the Central Government to seek all possible measures to overcome the aftereffects of the verdict of Supreme Court on 20.03.2018 diluting the provisions of the Scheduled Castes and the Scheduled Tribes (Prevention of Atrocities) Act, 1989 which impairs the well being of the people belonging to Schedule Castes /Scheduled Tribes.

(Copy of the Resolution separately circulated)

**VII.Legislative Business:**

Motion for consideration and further stages of the following Bills as reported by the Subject Committee:

(i) The Kerala Professional Colleges (Regularisation of Admission in Medical Colleges) Bill, 2018.

(Discussion to be concluded)

(ii) The Madras Hindu Religious and Charitable Endowments (Amendment) Bill, 2018.

(Discussion to be concluded)

Secretariat of the Kerala Legislature,
Thiruvananthapuram,
April 3, 2018.

V.K.Babu Prakash,
Secretary.